മുഴിയാർ, കക്കാട് വൈദ്യുതി നിലയങ്ങളിൽ ഉണ്ടായിട്ടുള്ള തീപിടുത്തം

27 (2305) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഴിയാർ, കക്കാട് വൈദ്യുത നിലയങ്ങളിൽ ഇതിനകം എത്രതവണ പൊട്ടിത്തെറികളുണ്ടായി എന്ന് വെളിപ്പെടുത്താമോ ;

(ബി) പൊട്ടിത്തെറികളും തീപിടുത്തവും ഉണ്ടാകുമ്പോൾ എത്ര കിലോ മീറ്റർ അകലെ നിന്നാണ് ഫയർ എഞ്ചിനുകൾ ഇപ്പോൾ എത്തുന്നത് ;

(സി) ഈ പ്രശ്നം പരിഹരിക്കുവാൻ സീതത്തോട് കേന്ദ്രമാക്കി ബോർഡിന്റെ നേതൃത്വത്തിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മുഴിയാർ വൈദ്യുത നിലയത്തിൽ രണ്ട് പ്രാവശ്യവും (1976-ലും 2003-ലും) കപ്പാട് വൈദ്യുതി നിലയത്തിൽ ഒരു പ്രാവശ്യവും (2000-ൽ) പൊട്ടിത്തെറി ഉണ്ടായിട്ടുണ്ട്.

(ബി) ഏകദേശം 70 കി.മീ. ദൂരമുള്ള പത്തനംതിട്ടയിൽ നിന്നോ, റാന്നിയിൽനിന്നോ ആണ് ഫയർ എഞ്ചിനുകൾ എത്തുന്നത്.

(സി) തൽക്കാലം പരിഗണനയിലില്ല.

മഴുവന്നൂർ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനം

28 (2306) ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴുവന്നൂർ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന്റെ നിർമ്മാണപ്പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) രൂക്ഷമായ വോൾട്ടേജ് ക്ഷാമം കണക്കിലെടുത്ത് പ്രസ്തുത സബ്സ്റ്റേഷന്റെ പണി അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മഴുവന്നൂർ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം ടേൺ കീ വ്യവസ്ഥയിൽ എ.ആർ.എം. ലിമിറ്റഡ് എന്ന കമ്പനിയെ ഏൽപ്പിച്ചിരുന്നു. എന്നാൽ വർക്ക് തുടങ്ങാനോ, എഗ്രിമെന്റ് വെയ്ക്കാനോ കമ്പനി തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റദ്ദ് ചെയ്ത്, ഡിപ്പാർട്ട്മെന്റൽ വർക്ക് ആയി ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പ്രസ്തുത സബ്സ്റ്റേഷൻ പണിയുന്നതിനായി അനുവദിച്ചിട്ടുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഔദ്യോഗിക നടപടികൾ പുരോഗമിച്ച് വരുന്നു.

(ബി) സബ്സ്റ്റേഷന്റെ പണി അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly